

# അക്കാദമിക മാസ്റ്റർ പ്ലാൻ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | എൻ.എസ്.എസ് ഹയർ സെക്കന്ററി സ്കൂൾ, കുറത്തികാട് |
| ഉപജില്ല | : | മാവേലിക്കര |
| വിദ്യാഭ്യാസ ജില്ല | : | മാവേലിക്കര |
| ജില്ല | : | ആലപ്പുഴ |
| വർഷം | : | |



## ആമുഖം

നവകേരളമിഷന്റെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ഫലപ്രാപ്തിയിലെത്തിക്കുന്നതിന്റെ മുന്നോടിയായി മുഴുവൻ സർക്കാർ എയ്ഡഡ് വിദ്യാലയങ്ങളിലും ദീർഘകാല കാഴ്ചയോടുകൂടിയ സമഗ്ര ഗുണമേന്മാ വിദ്യാലയ വികസന പദ്ധതി രൂപീകരിക്കുന്നതിന് അക്കാദമിക മികവാണ് വിദ്യാലയത്തിന്റെ മികവ് എന്ന ആശയത്തിലൂന്നിയായിരിക്കണം വിദ്യാലയ വികസന പദ്ധതിക്ക് രൂപം നൽകേണ്ടത് ഇതിലേക്ക് നയിക്കുന്ന തരത്തിൽ ഭൗതികവും അക്കാദമികവുമായ വികസനം സാധ്യമാകേണ്ടതുണ്ട്. ഈ സംരംഭം വിജയപ്രദമാക്കാൻ മാനേജ്മെന്റും അധ്യാപകരും രക്ഷകർത്താക്കളും ഗവൺമെന്റും ഒന്നിച്ചു പ്രവർത്തിക്കുമ്പോൾ പൊതു വിദ്യാലയത്തിച്ചേരുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം തുല്യ അവസരങ്ങൾ പ്രദാനം ചെയ്തുകൊണ്ട് ഉറപ്പാക്കുക എന്നതാണ്പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പ്രഥമ ലക്ഷ്യം. അതിനാൽ പൊതുവിദ്യാഭ്യാസ രംഗത്തെ നിലവിലുള്ള കുറവുകൾ പരിഹരിച്ച് വിദ്യാഭ്യാസ രംഗം ആധുനികവൽക്കരിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി ആവിഷ്കരിച്ചിരിക്കുന്ന ഈ വിദ്യാഭ്യാസ സംരക്ഷണ യജ്ഞം വിജയപ്രദമാക്കുന്നതിന് നമുക്ക് ഒന്നിച്ച് നിന്ന് പ്രവർത്തിക്കാം ഈ വിദ്യാലയത്തിലെ മുഴുവൻ കുട്ടികളുടെയും അക്കാദമിക വളർച്ചയ്ക്ക് വേണ്ടി തയ്യാറാക്കുന്ന ഈ മാസ്റ്റർ പ്ലാൻ കുട്ടികൾക്ക് അറിവിന്റെ ഉയർന്നതലങ്ങളിലെത്താൻ സഹായകമായ പഠനാവസരം ലഭ്യമാക്കും.

വിദ്യാഭ്യാസം ആജീവനാന്തമാണ്. വിദ്യ അഭ്യസിക്കുന്ന സ്ഥാപനവും വിദ്യ അഭ്യസിപ്പിക്കുന്ന ഗുരുവും ഒരു വ്യക്തിയുടെ ജീവിതത്തിൽ ചെറുതല്ലാത്ത സ്വാധീനമാണ് ചെലുത്തുന്നത്. 21-ാം നൂറ്റാണ്ടിലെ വിദ്യാലയങ്ങളും അദ്ധ്യാപകരും കാലാനുസൃതമായ മാറ്റങ്ങൾക്ക് വിധേയമാകേണ്ടതുണ്ട്. ഈ മാറ്റമാണ് ആധുനിക വിദ്യാർത്ഥി സമൂഹത്തെ അവരുടെ അരികിലേക്ക് ആകർഷിക്കുന്നത്. ആകർഷകമായ വിദ്യാലയവും ആകർഷകമായി ക്ലാസ്സ് നയിക്കുന്ന അദ്ധ്യാപകരും നിലവാരമുള്ള കുട്ടികളും ഏതൊരു സമൂഹത്തിന്റെയും മുതൽക്കൂട്ടാണ്. അഞ്ചു വർഷങ്ങൾക്കൊണ്ട് നമ്മുടെ സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങൾ അന്താരാഷ്ട്ര നിലവാരമുള്ള മികവിന്റെ കേന്ദ്രങ്ങൾ ആകേണ്ടത് അത്യന്താപേക്ഷിതമാണ്. മികച്ച അക്കാദമിക പദ്ധതികൾ ഉണ്ടായാലേ തയ്യാറാക്കിയ ഭൗതിക സൗകര്യവികസനാസൂത്രണം സ്ഥാപനത്തിന് അനുയോജ്യമാണോ എന്ന് വിലയിരുത്താൻ കഴിയൂ ഒപ്പം വിദ്യാലയം തന്നെ ഒരു പാഠപുസ്തകം ആകണം. രക്ഷിതാക്കളിൽ ഗുണമേന്മാ വിദ്യാഭ്യാസത്തേക്കുറിച്ചുള്ള കാഴ്ചപ്പാട് സൃഷ്ടിച്ചെടുക്കേണ്ടതും അനിവാര്യമാണ്.

# സ്കൂൾ ചരിത്രം

തെക്കേക്കര ഗ്രാമപഞ്ചായത്തിൽ 60 വർഷം പഴക്കമുള്ള ഏക ഹൈസ്കൂൾ, ഹയർസെക്കന്ററി വിദ്യാലയമാണ് കുറത്തികാട് എൻ.എസ്.എസ് ഹയർസെക്കന്ററി സ്കൂൾ. കേരളത്തിലെ ഏറ്റവും പ്രബലമായ സ്വകാര്യ വിദ്യാഭ്യാസ കോർപ്പറേറ്റ് മാനേജ്മെന്റായ നായർ സർവ്വീസ് സൊസൈറ്റിയുടെതാണ് ഈ സ്കൂൾ. തെക്കേക്കരയുടെ വിദ്യാഭ്യാസ പുരോഗതിക്കുവേണ്ടി അനവധി സംഭാവനകൾ നൽകിയതും നൽകിക്കൊണ്ടിരിക്കുന്നതുമായ വിദ്യാഭ്യാസ സ്ഥാപനമാണ് ഈ വിദ്യാലയം.

സ്വാതന്ത്ര്യ ലബ്ധിക്കുശേഷം പുതിയ ഭരണഘടന നിലവിൽ വന്നപ്പോൾ പതിനാലു വയസ്സുവരെയുള്ള കുട്ടികൾക്ക് നിർബന്ധവും സൗജന്യവുമായ വിദ്യാഭ്യാസം ഉറപ്പുനൽകി ഗവൺമെന്റ് ഉടമസ്ഥതയിലും മാനേജ്മെന്റുകൾ സ്വന്തമായും സ്കൂളുകൾ സ്ഥാപിക്കാൻ അനുവാദം കൊടുത്തു. വിദ്യാഭ്യാസം സാർവ്വത്രികമായി വ്യാപിക്കാൻ അവസരം നൽകി. വിദ്യാഭ്യാസ രംഗത്തെ ഈ കൊടുങ്കാറ്റിനുപോലും തെക്കേക്കര വില്ലേജിൽ ഒരു ചലനവും സൃഷ്ടിക്കാൻ കഴിഞ്ഞില്ല. അമ്പതുവർഷം മുമ്പത്തെപ്പോലെ ഏതാനും പ്രാഥമിക വിദ്യാലയങ്ങളിൽ മാത്രം ഇവിടുത്തെ വിദ്യാർത്ഥികളുടെ ജീവിതാഭിലാഷം ഒതുങ്ങി നിന്നു. നാലാം ക്ലാസ്സുകഴിഞ്ഞ് രണ്ടോ മൂന്നോ ആൺകുട്ടികൾ മാത്രം മാവേലിക്കരയിലോ കറ്റാനത്തോ പോയി ചേർന്നിരുന്നു. മഴക്കാലത്ത് തോടും പുഴയും നീന്തി ഓലക്കുടയും വാഴയിലയും ചൂടിയാണ് യാത്ര. സാധാരണക്കാരുടെ കുട്ടികൾക്ക് മലയാളം മിഡിൽ സ്കൂൾ വിദ്യാഭ്യാസ മാത്രമാണ് വിധിച്ചിരുന്നത്. ഇംഗ്ലീഷ് സ്കൂളുകളിൽ താങ്ങാനാവാത്ത ഫീസായിരുന്നു. ഈ ദുഃസ്ഥിതിക്ക് ഒരു പരിഹാരം കാണുവാൻ എല്ലാവരും ആഗ്രഹിച്ചു. അന്ന് കുറത്തികാട് നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന 47-ാം നമ്പർ എൻ.എസ്.എസ് കരയോഗം പലതവണ ഈ ആവശ്യം ചർച്ച ചെയ്തു. പ്രശ്നപരിഹാരത്തിന് നായർ സർവ്വീസ് സൊസൈറ്റിയെ സമീപിച്ചു. സമുദായാചാര്യൻ ശ്രീമാൻ മന്നത്ത് പത്മനാഭൻ ഒരു ഹൈസ്കൂൾ ആരംഭിക്കുന്നതിനുള്ള എല്ലാ സാഹചര്യങ്ങളും ഒരുക്കിത്തന്നു. സ്കൂൾ ആരംഭിക്കുന്നതിനുള്ള സ്ഥലത്തിന്റെ അന്വേഷണത്തിൽ എല്ലാവരുടെയും ദൃഷ്ടി പതിഞ്ഞത് കറ്റാനം മാവേലിക്കര റോഡിന് പടിഞ്ഞാറുവശമുള്ള കുഴിക്കാലക്കോട്ട എന്ന് അറിയപ്പെട്ടിരുന്ന സ്ഥലത്താണ്. ആ സ്ഥലം നടാലയിൽ, പുതുപ്പുരയ്ക്കൽ, തേവലശ്ശേരി, പനച്ചൂർ എന്ന നാലുശാഖകളുള്ള പുല്ലേലി നടാലയിൽ പൊതുകുടുംബം വകയായിരുന്നു.

രണ്ടേക്കർ അമ്പത്തിരണ്ട് സെന്റ് വിസ്തീർണ്ണമുള്ള സ്ഥലത്തിന്റെ മധ്യഭാഗത്ത് ഒരു ശ്രീകോവിലും അതിനുചേർന്ന് വിശാലമായ ഒരു കുളവും ഉണ്ടായിരുന്നു. 1957 മേയ്മാസത്തിൽ ഒരു സായാഹ്നത്തിൽ വലിയ മുന്നറിയിപ്പൊന്നും ഇല്ലാതെ ശ്രീ മന്നത്ത് പത്മനാഭൻ സ്കൂളിന്റെ സ്ഥലം സന്ദർശിക്കുവാൻ ആഗതനായി. കൂടെ എൻ.എസ്.എസ് സ്കൂൾ ജനറൽ മാനേജർ ശ്രീവാസുദേവൻ പിള്ള സാറും യൂണിയൻ പ്രതിനിധികളും ഉണ്ടായിരുന്നു. അന്നത്തെ യോഗത്തിൽ വില്ലേജ് അടിസ്ഥാനത്തിലുള്ള ഒരു ജനറൽ കമ്മറ്റിയും അതിൽനിന്നും ഒരു നിർവ്വാഹക സമിതിയും ഉണ്ടാക്കി ഊർജ്ജസ്വലമായ പ്രവർത്തനം ആരംഭിച്ചു. ഒരാഴ്ചയ്ക്കകം ആചാര്യ നിർദ്ദേശം അനുസരിച്ച് തെക്കേക്കര വില്ലേജിലെ പൗരന്മാരുടെ ഒരു പൊതുയോഗം കൂടി. എല്ലാ വിഭാഗം ജനങ്ങൾക്കും പ്രാതിനിധ്യമുള്ള ഒരു ജനറൽ ബോഡി ഓരോ കരയിലും കരയോഗങ്ങളുടെ നേതൃത്ത്വത്തിലുള്ള സബ്ബ് കമ്മറ്റികളും അതിൽനിന്ന് ഒരു കാര്യ നിർവ്വഹണ സമിതിയും തെരഞ്ഞെടുക്കപ്പെട്ടു. ജനറൽ കമ്മറ്റിയുടെയും എക്സിക്യൂട്ടീവ് കമ്മറ്റയുടെയും പ്രസിഡന്റായ അഡ്വ. കുഞ്ഞിക്കൃഷ്ണനുണ്ണിത്താനും സെക്രട്ടറിയായി ശ്രീകൃഷ്ണാശ്രമം ശ്രീ. വി കേശവപിള്ളയും ചുമതലയേറ്റു.

കുറത്തികാട് ശ്രീകൃഷ്ണാശ്രമത്തിൽ ഹിന്ദുഗ്രന്ഥശാലയും മതപാഠശാലയും നടത്തിയിരുന്ന ഭജനമഠം ഒരു വർഷത്തേക്ക് പുതിയ സ്കൂൾ നടത്തുന്നതിന് വിട്ടുകൊടുക്കാൻ ഉടമസ്ഥനായ ശ്രീ കേശവപിള്ള സ്വാമി സന്തോഷപൂർവ്വം സമ്മതിച്ചു. ആശ്രമത്തിലെ ഒരു മുറി താൽക്കാലിക ഓഫീസ് മുറിയായും വിട്ടുകൊടുത്തു. ജൂൺ ആദ്യവാരത്തിൽ ഡിസ്ട്രിക്ട് എഡ്യൂക്കേഷണൽ ഓഫീസർ സ്കൂളിനുള്ള സ്ഥലവും താൽക്കാലിക സംവിധാനങ്ങളും കണ്ട് സംതൃപ്തി രേഖപ്പെടുത്തി. അടുത്തയാഴ്ചയിൽത്തന്നെ സ്കൂൾ അനുവദിച്ചിട്ടുണ്ടെന്നും ജൂൺ 24-ാം തീയതി 10 മണിക്ക് ഉത്ഘാടനകർമ്മം നിർവ്വഹിക്കാൻ ജനറൽ മാനേജർ ശ്രീ.

വാസുദേവൻ പിള്ള സർ വന്നുചേരുമെന്നും തികച്ചും നിരാർഭാടകരമായിരിക്കും ചടങ്ങ് എന്നും ഹെഡ് ഓഫീസിൽ നിന്നും കരയോഗത്തിന് അറിയിപ്പുകിട്ടി. ഒരാഴ്ച മുമ്പായി പന്തളം എൻ.എസ്.എസ് ഹൈസ്കൂൾ അധ്യാപകനും എല്ലാവർക്കും സമ്മതനുമായ ശ്രീ. പി. ആർ കൃഷ്ണൻ നായർ (പുന്തിലേത്ത്) പുതിയ സ്കൂളിന്റെ ഹെഡ്മാസ്റ്ററായി നിയമിതനായി. വിദ്യാലയ നിർമ്മാണത്തിനുള്ള നിർവ്വാഹക സമിതിയുടെ കൺവീനർ സ്ഥാനവും അദ്ദേഹത്തിന് നൽകപ്പെട്ടു. ജനറൽ കമ്മറ്റിയുടെ ശ്രമഫലമായി സംഭരിക്കപ്പെട്ട തടി ഉപയോഗിച്ച് രണ്ട് ക്ലാസ്സുകൾ നടത്തുവാനുള്ള ഫർണ്ണീച്ചർ സജ്ജമാക്കി. കുറത്തികാടും പരിസരപ്രദേശങ്ങളിൽനിന്നും മറ്റു സ്കൂളുകളിൽ അഞ്ചും എട്ടും ക്ലാസ്സുകളിൽ പഠിച്ചുകൊണ്ടിരുന്ന ഏതാനും വിദ്യാർത്ഥികളുടെ വിടുതൽ സർട്ടിഫിക്കറ്റ് വാങ്ങി അഡ്മിറ്റു ചെയ്തു. അങ്ങനെ എല്ലാ സജ്ജീകരണങ്ങളും പൂർത്തിയായി ജൂൺ 24-ാം തീയതി രാവിലെ എൻ.എസ്.എസ് ജനറൽ മാനേജർ ശ്രീമാൻ വാസുദേവൻ പിള്ള സാറെത്തി വിദ്യാർത്ഥികൾ, അദ്ധ്യാപകർ ജനറൽ കമ്മറ്റിയംഗങ്ങൾ, നാട്ടുകാർ എന്നിങ്ങനെ നല്ല ഒരാൾക്കൂട്ടം സാക്ഷ്യം വഹിക്കെ ജനറൽ മാനേജർ അവർകൾ എട്ടാം ക്ലാസ്സിലെ ഒരു ഫിസിക്സ് ക്ലാസ്സെടുത്ത് (പദാർത്ഥങ്ങളുടെ അവസ്ഥാത്രയം) സ്കൂളിന്റെ ഔപചാരികമായ ഉത്ഘാടനം നിർവ്വഹിച്ചു.

കാലവർഷം ഒട്ടൊന്നു ശമിച്ച് ചിങ്ങത്തിലെ ഒരു സുമുഹൂർത്തത്തിൽ സ്കൂൾ കെട്ടിടത്തിന് ജനറൽ കമ്മറ്റി അദ്ധ്യക്ഷൻ ശ്രീ. കുഞ്ഞിക്കൃഷ്ണനുണ്ണിത്താൻ ശിലാസ്ഥാപനം നടത്തി. അടുത്ത അദ്ധ്യയനവർഷം ആരംഭിക്കുന്നതിനുമുമ്പ് കുറഞ്ഞ പക്ഷം നാലു ക്ലാസ്സുകളും ഓഫീസ് മുറികളും ഉൾപ്പെടെ 100 അടി നീളത്തിൽ ഒരു കെട്ടിടവും മറ്റെല്ലാ ഉപകരണങ്ങളും സജ്ജീകരണങ്ങളും ഉണ്ടാക്കാനുള്ള ശ്രമം ആരംഭിച്ചു. കരയോഗത്തിന്റെ പ്രസിഡന്റ് ശ്രീ. കേശവപിള്ള സ്വാമിയെ സ്കൂളിന്റെ ലോക്കൽ മാനേജരായി നിയമിച്ചു. കൺവീനറായ സ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. പി.ആർ കൃഷ്ണൻ നായരെ പണികളുടെ നിർവിഘ്ന പുരോഗതിക്കുവേണ്ടി ചുമതലപ്പെടുത്തി. സമയബന്ധിതമായിത്തന്നെ എല്ലാം നടന്നു. പുതുവർഷം ക്ലാസ്സ് തുടങ്ങിയത് പുതിയ കെട്ടിടത്തിൽ തന്നെ.

തുടർന്നുള്ള വർഷങ്ങളിൽ ഈ വിദ്യാലയത്തിന്റെ വളർച്ച അപ്രതീക്ഷിതവും ഏറെ പ്രോത്സാഹനജനകവുമായിരുന്നു. വിദ്യാർത്ഥികളും അദ്ധ്യാപകരും ക്ലാസ്സ് ഡിവിഷനുകളും പതിന്മടങ്ങായി വർദ്ധിച്ചു. അർപ്പണമനോഭാവം തികഞ്ഞ പ്രഗത്ഭരായ അദ്ധ്യാപകർ, സമർത്ഥരായ വിദ്യാർത്ഥികൾ എന്തു ത്യാഗത്തിനും സഹായത്തിനും സന്നദ്ധരായ രക്ഷാകർത്താക്കൾ എന്നീ മൂന്നു ഘടകങ്ങൾ ഒന്നിച്ചു ചേർന്നപ്പോൾ ആലപ്പുഴ ജില്ലയിലെ പ്രമുഖ വിദ്യാലയങ്ങളിൽ ഒന്നായി ഈ സ്കൂൾ അറിയപ്പെട്ടു ഈ വിദ്യാലയത്തിൽ ഹയർ സെക്കന്ററി ക്ലാസ്സുകൾ 2015-16 വർഷമാണ് ലഭിച്ചത്.

# സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം

സംസ്ഥാനത്തെ വിദ്യാലയങ്ങളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും മൂല്യത്തിൽ ഊന്നിയുള്ള ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പുവരുത്തുക എന്ന ലക്ഷ്യമാണ് സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി. അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് ഗുണമേന്മ ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ 3/6/25 മുതൽ 13/6/25 വരെ കുട്ടികൾക്കു വേണ്ട പിന്തുണ പരിപാടികൾ സംഘടിപ്പിച്ചു. വിദ്യാർത്ഥികൾക്കിടയിൽ ലഹരി വസ്തുക്കളുടെ ദുരുപയോഗവും ആസക്തിയും തടയാൻ ലക്ഷ്യമിട്ട് ലഹരിവിരുദ്ധ ക്യാമ്പയിൻ ഉൾപ്പെടെ ഉള്ള പ്രവർത്തന പദ്ധതികൾ നടപ്പിലാക്കി വരുന്നു. ട്രാഫിക് നിയമങ്ങൾ, ശുചിത്വം, മാലിന്യസംസ്കരണം, ആരോഗ്യശീലങ്ങൾ, ഡിജിറ്റൽ അച്ചടക്കം, പൊതുമുതൽ സംരക്ഷണം, പരസ്പര സഹകരണം എന്നീ വിഷയങ്ങളിൽ കുട്ടികൾക്ക് അവബോധം നല്കുന്നതിനുള്ള ക്ലാസ്സുകൾ നൽകി വരുന്നു. ഈ ക്ലാസ്സുകളുടെ അടിസ്ഥാനത്തിൽ പാഠഭാഗങ്ങളുമായി ബന്ധപ്പെടുത്തി നടക്കുന്ന പഠനപ്രവർത്തനങ്ങൾ നടന്നു വരുന്നു.

# സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം

സംസ്ഥാനത്തെ വിദ്യാലയങ്ങളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും മൂല്യത്തിൽ ഊന്നിയുള്ള ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പുവരുത്തുക എന്ന ലക്ഷ്യമാണ് സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി. അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർധിപ്പിച്ച് ഗുണമേന്മ ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ 3/6/25 മുതൽ 13/6/25 വരെ കുട്ടികൾക്കു വേണ്ട പിന്തുണ പരിപാടികൾ സംഘടിപ്പിച്ചു. വിദ്യാർത്ഥികൾക്കിടയിൽ ലഹരി വസ്തുക്കളുടെ ദുരുപയോഗവും ആസക്തിയും തടയാൻ ലക്ഷ്യമിട്ട് ലഹരിവിരുദ്ധക്യാമ്പയിൻ ഉൾപ്പെടെ ഉള്ള പ്രവർത്തന പദ്ധതികൾ നടപ്പിലാക്കി വരുന്നു. ട്രാഫിക് നിയമങ്ങൾ ശുചിത്വം, മാലിന്യസംസ്കരണം, ആരോഗ്യശീലങ്ങൾ ഡിജിറ്റൽ അച്ചടക്കം, പൊതുമുതൽ സംരക്ഷണം പരസ്പര സഹകരണം എന്നീ വിഷയങ്ങളിൽ കുട്ടികൾക്ക് അവബോധം നല്കുന്നതിനുള്ള ക്ലാസ്സുകൾ നൽകി വരുന്നു. ഈ ക്ലാസ്സുകളുടെ അടിസ്ഥാനത്തിൽ പാഠഭാഗങ്ങളുമായി ബന്ധപ്പെടുത്തി നടക്കുന്ന പഠനപ്രവർത്തനങ്ങൾ നടന്നു വരുന്നു.

# ACADEMIC MASTER PLAN

UP ENGLISH.

| Aim | Activities | Month | Responsible Person | Economic Source |
|---|---|---|---|---|
| To encourage Listening & Speaking. Enhance vocabulary and listening skills. | Story telling sessions discussing themes, characters and plots to enhance listening skills. Vocabulary games and exercises to build word knowledge | June | English Teacher. | English Club. |
| To encourage reading. Develop basic reading, writing listening and Speaking Skills. Cultivate effective communication. | Interactive Reading Circles. Divide students into small groups and provide them with age-appropriate texts such as short stories or excerpts from novels. Each group reads the assigned text together and discusses its plot and characters. | July. | | |

| | Activites. | Month | Responsible Person. | Economic Source. |
|---|---|---|---|---|
| develop <u>writing</u> skill | Improve sentence structure | August - December. | English Teacher | English Club. |
| To develop basic grammar rules. Focus on sentence structure punctuation and and grammar | Practice of simple creative writing like short poems, short paragraphs etc. | | | |
| Introduce different types of writing; narrative, description, persuasive etc. | Interactive grammar games. | | | |
| Language games, puzzles and activities. | language games and activities to reinforce vocabulary, grammar and language skills in an engaging way. | January - February. | | |

UP ENGLISH.

| | activities | month. | Responsible Person. | Economic Source. |
| --- | --- | --- | --- | --- |
| Recognize the diverse learning needs of students. | Provide timely feedback to students that highlights their strengths, identifies areas of improvement and suggest strategies for further development. | Throughout the Year. | English Teacher. | English Club. |
| Assessment and Feedback. | Use a variety of assessment methods such as quizzes, tests, essays, presentations, projects to assess different aspects of language learning | | | |

# U.P. Malayalam

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയുടെ അടിസ്ഥാന ശേഷി വികസനം- ആശയസംവേദനം നടത്താനും, പദസമ്പത്ത് വളർത്താനും കുട്ടികളെ പ്രാപ്തരാക്കുക. | കുട്ടികൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാര രൂപങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം) അവതരിപ്പിക്കുന്നു. ഭാഷാകേളി<br>അക്ഷരങ്ങളും, പദങ്ങളും ആവർത്തിച്ചു വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി, ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം<br>ജൂൺ മാസം | മലയാളം അധ്യാപകർ<br>മലയാളം അധ്യാപകർ | |
| പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ശീലം വളർത്തുക. | പത്രം, ആഴ്ചപ്പതിപ്പ്, മാസികകൾ എന്നിവ കുട്ടികൾക്ക് നൽകുകയും, വായിച്ച് പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണ ശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാ ദിവസവും | മലയാളം അധ്യാപകർ | |
| പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ. | പാഠഭാഗവുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ ലഘുനാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക് വർഷം | പി.ടി.എ, സ്കൂൾ | |
| സാഹിത്യ കൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി കുട്ടികളുടെ സർഗശേഷി വളർത്തൽ. | സാഹിത്യകാരന്മാർ, എഴുത്തുകാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണം സംഘടിപ്പിക്കുന്നു. | വർഷത്തിൽ ഒരു പ്രാവശ്യം | പി.ടി.എ | |

# അക്കാദമിക് മാസ്റ്റർപ്ലാൻ
## UP/HS സംസ്കൃതവിഭാഗം

വിദ്യാർത്ഥികളിൽ ഭാരതീയ സംസ്കാരത്തെയും അവയുടെ മൂല്യങ്ങളെയും കുറിച്ചുള്ള കൃത്യമായ അവബോധം ഉണ്ടാക്കുവാൻ സംസ്കൃതഭാഷാപഠനം അനിവാര്യമാണ്. ഓരോ വ്യക്തിയുടെയും സ്വഭാവരൂപീകരണത്തിൽ സംസ്കൃതഭാഷാപഠനത്തിന്റെ ആവശ്യകത കൂടി വരുന്നതായി കാണുന്നു.

| ക്രമ സംഖ്യ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | വിലയിരുത്തൽ |
|---|---|---|---|---|---|
| 1. | കേൾവി | പ്രവേശനോത്സവം:- സംസ്കൃതലഘുപദങ്ങൾ ഗാനങ്ങൾ എന്നിവ കേൾപ്പിയ്ക്കുന്നു. അക്ഷരഗാനം സംഖ്യഗാനം തുടങ്ങിയവ | 1 മാസം | അദ്ധ്യാപിക | അക്ഷരജ്ഞാനം, സംഖ്യാജ്ഞാനം, പദജ്ഞാനം എന്നിവ എല്ലാകുട്ടികളിലും ലഭ്യമാകുന്നു |
| 2. | ഉച്ചാരണം | പദങ്ങൾ, റീഡിങ് കാർഡ് എന്നിവയിലൂടെ ദീർഘപദങ്ങൾ കണ്ടെത്തുന്നു ഉച്ചരിയ്ക്കുന്നു | 1 മാസം | അദ്ധ്യാപിക | വായനാശേഷി അവതരണപാടവം, സംസ്കൃതജ്ഞാനം എന്നിവയ്ക്ക് കഴിവുള്ളവനാകുന്നു. |

| | | | | | |
|---|---|---|---|---|---|
| | എഴുത്ത് | എഴുത്ത് ത്തിരികിണിച്ച് കൊണ്ട് പരിചയം നൽകുക. കേട്ടെഴുത്ത് നടത്തുന്നു. പരിചിത പദങ്ങൾ, സ്വപരിചയം എന്നിവ എഴുതുന്നു. ചിഹ്നങ്ങൾ അക്ഷരങ്ങളോട് ചേർത്തെഴുതുന്നു | 1 മാസം | അദ്ധ്യാപിക | ചെറിയ ചെറിയ പദങ്ങൾ എഴുതുവാൻ ശ്രമിക്കുന്നു. ചിഹ്നങ്ങൾ കൂട്ടി പദങ്ങൾ എഴുതുവാൻ തുടങ്ങുന്നു. |
| 4. | രചനാ മത്സരങ്ങൾ, പദകോശ നിർമ്മാണം | സമസ്യാ, ഉപന്യാസം കവിത, കഥ രചനാ മത്സരങ്ങൾ പരസ്പര സഹകരണത്തിൽ നടത്തുന്നു | 1 മാസം | അദ്ധ്യാപിക, കുട്ടികൾ | രചനാ കൗശലം വർദ്ധിക്കുന്നു. സംസ്കൃത ഭാഷാ സരളമായി പ്രയോഗിക്കുവാനുള്ള ശേഷി ഉണ്ടാവുന്നു. |
| 5. | വായന | വായനാ സാമഗ്രികളിലൂടെ ശേഖരണം വായനാ കാർഡുകളുടെ നിർമ്മാണം പുസ്തക പരിചായനം കഥാകഥനം പ്രഭാഷണം എന്നിവയുടെ അവതരണം | 1 മാസം | അദ്ധ്യാപിക കുട്ടികൾ | പ്രതിഭാ സാഹിത്യ കൃതികൾ വായിക്കുവാൻ കഴിവുള്ളവരാവുന്നു. |

| | | | | | |
|---|---|---|---|---|---|
| | സംസ്കൃത ദിനാചരണം | സംസ്കൃത അസംബ്ലി പ്രാർത്ഥന, പ്രതിജ്ഞ സുഭാഷിതം ഭഗവദ് ഗീതാ പാരായണം എന്നിവ സംഘടിപ്പിക്കുന്നു. | 1 മാസം | അദ്ധ്യാപിക കുട്ടികൾ | അവതരണ പാടവം വർധിക്കുന്നു. പൊതു സഭയിൽ സംസ്കൃത ഭാഷ സരളമായി പ്രയോഗിക്കുവാനുള്ള ശേഷി വർദ്ധിക്കുന്നു. |
| 7. | അവതരണം | കലാ, സാഹിത്യാദിരുചി, സംഭാഷണം, നാടകാദിനയം | 1 വർഷം | അദ്ധ്യാപിക, കുട്ടികൾ | അഭിനയ പാടവം, അവതരണം, എന്നിവയിൽ കഴിവ് വർധിക്കുന്നു |
| 8. | കലാ, സാഹിത്യം അഭിരുചി | സംസ്കൃതോത്സവത്തോടനുബന്ധിച്ച് മത്സരയിനങ്ങൾ ചർച്ച ചെയ്യുകയും പരിശീലനം നടത്തുകയും ചെയ്യുക, സബ്ജില്ലാ ജില്ലാ കലോത്സവങ്ങളിൽ പങ്കെടുപ്പിക്കുക | 1 വർഷം | അദ്ധ്യാപിക കുട്ടികൾ | സംസ്കൃത ഭാഷാപഠനം സുഗമമാക്കുന്നു. വിദ്യാർത്ഥികളിൽ കഴിവുള്ളവനാകുന്നു. |
| 9. | അദ്ധ്യാപികയായി സംസ്കൃത വർമ്മയണം പരിചയപ്പെടുത്തുന്നു. | കാലടി ശ്രീശങ്കര സംസ്കൃത സർവ്വകലാശാലയുടെ പ്രാരംഭ കോഴ്സുകളിൽ ചേർക്കുക. പങ്കാളികളാക്കി പഠനങ്ങൾക്ക് നൽകുക പഠനത്തിനായി പ്രോത്സാഹിപ്പിക്കുക | 1 വർഷം | അദ്ധ്യാപിക കുട്ടികൾ | സംസ്കൃത ജ്ഞാനം വർധിക്കുന്നു. അധികമായി പാണ്ഡിത്യം ജനിക്കുന്നു. കൂടുതൽ കുട്ടികളെ ഭാഷാ പഠനത്തിലേക്ക് ആകർഷിക്കുകയും ചെയ്യുന്നു. |

HS. Malayalam

Academic Master Plan (2025-26)

## മേഖല - ഹൈസ്കൂൾ - മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 1) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1) പ്രീ ടെസ്റ്റ്<br>2) അക്ഷരം ഉറപ്പിക്കൽ<br>3) അടയാളം ഉറപ്പിക്കൽ<br>4) അക്ഷര കാർഡ് നൽകൽ<br>5) വാക്കുകൾ എഴുതിയ കാർഡ്<br>6) വാക്കുകൾ നിർമ്മിക്കുക<br>7) വാക്യങ്ങൾ നിർമ്മിക്കൽ<br>8) ചിത്രം - അടിക്കുറിപ്പ്<br>9) ചിത്രം - കഥ എഴുതൽ<br>10) ഭാഷാപരമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ്. | രണ്ട് മാസം (ആഗസ്റ്റ്, സെപ്തംബർ) | പുസ്തകങ്ങൾ, ചിത്രങ്ങൾ | പി.ടി.എ, അധ്യാപകർ |
| 2) കുട്ടിയെ മികച്ച വായനക്കാരനാക്കുക. | 1) ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2) സ്കൂൾ ലൈബ്രറി നവീകരിക്കൽ | ആറ് മാസം | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, | പി.ടി.എ, അധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| | 3) സമീപ ഗ്രന്ഥശാലാ അംഗത്വം<br>4) വായനോത്സവം സംഘടിപ്പിക്കൽ<br>5) പത്രവായന<br>6) പുസ്തകചർച്ച<br>7) വായനാനുഭവം<br>8) വായനാക്കുറിപ്പ് പതിപ്പ്<br>9) വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>10) ദിനാചരണം<br>11) സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>12) ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും<br>13) ആസ്വാദ്യകരമായ വായന<br>14) ഇ - വായന | | പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ഇന്റർനെറ്റ്, കമ്പ്യൂട്ടർ | |
| ...) ...കുട്ടിയെ ...ികച്ച ...എഴുത്തുകാ- ...രനാക്കുക. | 1) എഴുത്തുകൂട്ടം രൂപീകരണം<br>2) പുസ്തകചർച്ച<br>3) വായനാക്കുറിപ്പ്, പതിപ്പ്<br>4) വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ | ആറ് മാസം | ലൈബ്രറി, പുസ്തകങ്ങൾ, ഫോട്ടോകൾ, | പി.ടി.എ, അധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| | 5) ചുമർ പത്രിക, പതിപ്പ്<br>6) സർഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>7) വ്യക്തിഗത രചന, സംഘരചന<br>8) ഭാഷാ പ്രോജക്ട്<br>9) അഭിമുഖം, സംവാദം<br>10) ചിത്ര ഗ്യാലറി | | | |
| 4) സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക. | 1) പ്രസംഗ പരിശീലന കളരി<br>2) വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക.<br>3) മികച്ച പ്രസംഗങ്ങളുടെ ഓഡിയോ, വീഡിയോ കേൾപ്പിക്കുന്നു.<br>4) പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദി സജ്ജമാക്കുക. | ആറ് മാസം (ജൂലൈ - ഡിസംബർ) | ഓഡിയോ, വീഡിയോ | ട്രെയിനർ, അധ്യാപകർ |

# Academic Master Plan - Chemistry/ Physics

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ ഉപയോഗപ്പെടുത്തൽ | School കെട്ടിടത്തിൽ സോളാർ പാനൽ സ്ഥാപിച്ച് സ്കൂളിനാവശ്യമായ വൈദ്യുതി ലഭ്യമാക്കൽ | 1 വർഷം | PTA | 5 lakh |
| (2) പഠന പിന്നോക്കാവസ്ഥയുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം. | അധ്യാപകർ - കുട്ടി, കുട്ടി-കുട്ടി (peer group) എന്നിങ്ങനെ 2 തലത്തിൽ പരിശീലനം | ആഴ്ചയിൽ 2 ദിവസം | SRG Science Teacher | — |
| (3) ശാസ്ത്ര മാസിക, ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധമായ അറിവുകൾ, ലേഖനങ്ങൾ, കവിതകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തി ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ. | 1 വർഷം | SRG Science Teacher | — |

| | | | | |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ | ശാസ്ത്രജ്ഞരുടെ ലളിതമായ പരീക്ഷണങ്ങളിലൂടെയുള്ള അവതരണം. | വർഷത്തിൽ 1 തവണ | സയൻസ് ക്ലബ്ബ് | PTA 1000 |
| 5) ശാസ്ത്ര മേളകളിൽ പൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്തൽ. | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് ഉപദേശവും പ്രോത്സാഹനം നൽകൽ. | 1 വർഷത്തിൽ 3 മാസം | സയൻസ് ക്ലബ്ബ് | പിടിഎ |
| 6) ശാസ്ത്രലാബിനെ കാലാനുസൃതമായി നവീകരിക്കൽ | Physics, chemistry, Biology വിഭാഗങ്ങളുമായി ബന്ധപ്പെട്ട് ഉപകരണങ്ങളും മറ്റ് സാമഗ്രികളും പ്രത്യേകം സജ്ജീകരിക്കൽ | ജനുവരി- മുതൽ | സയൻസ് ടീച്ചേഴ്സ് | - |

Arya. KP, Athira Mohan-G
HST. Physical Science.
NSS HS Kurathikadu

മേഖല : അക്കാദമികം  ഉപമേഖല : ഹിന്ദി ഭാഷ ക്ലാസ്തലം.

| നമ്പർ | പ്രവർത്തനങ്ങൾ | സമയം | ക്ലാസ്സ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|---|
| 1 | കുട്ടികളുടെ പഠന നിലവാരം കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ക്ലാസ്തലത്തിൽ നടത്തുന്നു. ഉദാ: വായന, എഴുത്ത് ഇടങ്ങിയ പ്രവർത്തനങ്ങളിലൂടെ. | ജൂൺ ആദ്യ ആഴ്ച | 8 | ഹിന്ദി അദ്ധ്യാപിക | എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ സുഗമമായി വായിക്കുവാനും എഴുതുവാനും സംസാരിക്കാനും ആശയവിനിമയം നടത്തുവാനുമുള്ള ശേഷി വർദ്ധിപ്പിക്കുക. CWSN, പ്രത്യേക പരിഗണന വേണ്ട കുട്ടികൾക്ക് വേണ്ട അധിക പിന്തുണ ഉറപ്പാക്കൽ. |
| 2. | കുട്ടികൾക്ക് പുത്തൻ ഉണർവ് നൽകാ, പുനരത്തിലുള്ള ടി, ബി - പ്രവർത്തനങ്ങൾ. എല്ലാ കുട്ടികളെയും വിലയിരുത്തി അവരുടെ കഴിവിനെയും മാനസികാവസ്ഥയെയും മനസ്സിലാക്കി, ചെയ്യാൻ പറ്റിയ പ്രവർത്തനങ്ങൾ | ജൂൺ 2-ാമത്തെ ആഴ്ച | 8, 9 10 | ഭാഷാദ്ധ്യാപകർ | പഠന പിന്തുണ ഉറപ്പാക്കൽ. |
| 3 | എല്ലാ ദിവസവും ദിനോക്ലാസുകളിലും ഹിന്ദി വായിപ്പിക്കുക. ദൈനംദിന വാക്യങ്ങൾ ഹിന്ദിയിൽ | ദിവസവും | 8, 9 | ഹിന്ദി അദ്ധ്യാപിക. | ഭാഷാ പഠനത്തിന് പ്രോത്സാഹനം നൽകുക. |

| | | | | |
|---|---|---|---|---|
| | | | | |
| പരിശീലിപ്പിക്കുക. ഹിന്ദിയിൽ ഞാൻ, അപ്പു, കസം എന്നിവയുടെ അവതരണം. | | | | |
| 4 അധിക പിന്തുണ ആവശ്യമുള്ള കുട്ടികൾക്കായി പ്രത്യേക ചോദ്യങ്ങൾ തയാറാക്കി ചിന്തോദ്ദീപിപ്പിക്കുക ICT സഹായത്തോടെ പാഠഭാഗത്തിലേക്ക് കുട്ടികളെ ആകർഷിക്കുക, തുടങ്ങിയ പ്രവർത്തനങ്ങൾ. | ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസം | 8, 9, 10 | ഹിന്ദി അദ്ധ്യാപിക. | ഹിന്ദി ഭാഷ പഠിക്കുന്നതിലേക്ക് കുട്ടികളെ കൊണ്ടുവരുക. |
| 5. ഹിന്ദിയിലുള്ള ഡയറി, ആത്മകഥ, ജീവനി, കഥ, കവിത, കത്തുകൾ തുടങ്ങിയവ വായിക്കുകയും സ്വയം തയാറാക്കാൻ പ്രോത്സാഹനം നൽകുകയും ചെയ്യുന്നു. | | 8, 9, 10 | ഹിന്ദി അദ്ധ്യാപിക. | രാഷ്ട്രഭാഷയോടുള്ള അഭിരുചി വർധിക്കുന്നു. |
| 6 ഹിന്ദി അസംബ്ലി നടത്തുക. | ദിനാചരണം നടത്തൽ | 8, 9, 10 | ഹിന്ദി [illegible] | ഹിന്ദി കൂട്ടത്തിൽ [illegible] |

| | പ്രവർത്തനങ്ങൾ | സമയം | ക്ലാസ് | ചുമതല | ലക്ഷ്യം. |
|---|---|---|---|---|---|
| 7 | ഹിന്ദി പ്രസംഗങ്ങൾ പരിശീലിപ്പിക്കുക. സ്കൂളിലെ വിവിധ പരിപാടികളുടെ പോസ്റ്റർ നിർമ്മിക്കുക. ഹിന്ദി പത്രിക നിർമ്മിക്കുക. | അക്കാദമിക വർഷം ജനുവരി | 8, 9, 10 | ഹിന്ദി അധ്യാപിക | മാതൃഭാഷയെ പോലെ ഹിന്ദിയും അനായാസം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക. |
| 8 | പാഠഭാഗവുമായി ബന്ധപ്പെട്ട ഓഡിയോ വീഡിയോ അവതരിപ്പിക്കുക. ക്ലാസിൽ ഹിന്ദി സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുക. | അക്കാദമിക വർഷം | 8, 9, 10 | ഹിന്ദി അധ്യാപിക. | രാഷ്ട്ര ഭാഷയോടുള്ള അഭിരുചി വർദ്ധിപ്പിക്കുക. |
| 9 | ഹിന്ദി അന്തരീക്ഷവുമായി ബന്ധപ്പെട്ടുള്ള അവസരം സിനിമ, കാർട്ടൂൺ, വാർത്ത തുടങ്ങിയവ കാണാനും കേൾക്കാനുമുള്ള അവസരം. | അക്കാദമിക വർഷം | 8, 9, 10 | ഹിന്ദി അധ്യാപിക. | മടികൂടാതെ ഹിന്ദി സംസാരിപ്പിക്കുക (ആശയവിനിമയം നടത്തുക.) |
| 10 | A1 കവിതാ ഭാഷയെ ഉൾക്കൊള്ളാനും പഠിക്കാനുമുള്ള [illegible] | | 8, 9, 10. | ഹിന്ദി അധ്യാപിക. | |

# ACADEMIC MASTER PLAN - MATHEMATICS

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1) ആശയ ധാരണ കൈവരിക്കൽ<br>2) നിർവ്വചിക്കലിലെ ശേഷി കൈവരിക്കൽ. | ഉച്ചഭക്ഷണത്തിനൊപ്പം, പ്രീടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ,<br>ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത.<br>ജൂൺ 19 - Pascal ജന്മദിനാചരണം | ജൂൺ ആദ്യവാരം<br>തുടർപ്രവർത്തനം | അധ്യാപകർ<br>മുന്നാക്കം നിൽക്കുന്ന കുട്ടികൾ |
| 3) ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടുത്തൽ | | | |
| 4) ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ അളവുകൾ ഇവ പരിചയപ്പെടൽ | ശില്പശാല നടത്തുന്നു.<br>ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷത്തിൽ ഒന്ന് | അധ്യാപകർ<br>ഗണിതക്ലബ് |
| 5) സംഖ്യാബോധം ഉണ്ടാക്കൽ | സംഖ്യാപഠനം | തുടർപ്രവർത്തനം | അധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 6) അധ്യാപകർ കാലാനുസൃതമായി ചെയ്ത് ചെറിയ ക്ലാസ് മുറികളിലെ ഇടർ പഠനം സാധ്യതകൾ കുട്ടികളിൽ അടിസ്ഥാന ഉറപ്പിക്കുന്നു. | വിഷയസമിതിയുടെ മികച്ച പ്രവർത്തനം ഇടപെടൽ, ചർച്ചകൾ, പഠനാനുഭവം എന്നിവ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു.<br>Peer Tutoring. | അക്കാദമിക വർഷം, തുടർ പ്രവർത്തനം | വിഷയ സമിതി കൺവീനർ മുതിർന്ന അധ്യാപകർ |
| 7) ഗണിത വിഷയത്തിൽ കുട്ടികളുടെ മികച്ച ഭാവനകൾ | Geogebra-ൽ പ്രത്യേക പരിശീലനം<br>ഗണിത മാഗസിൻ<br>ഗണിതക്വിസ് മത്സരം | മാസത്തിൽ ഒന്ന് | അധ്യാപകർ |
| 8) ഗണിത മണ്ഡലത്തിലേക്ക്: മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ, മത്സരങ്ങൾക്ക് പ്രോത്സാഹനം<br>ദേശീയ ഗണിത ദിനം<br>പോസ്റ്റർ നിർമാണം<br>(maths for Nation Building)<br>Pi- ചരിത്രവും പ്രാധാന്യവും ബോധവൽക്കരണം | മാസത്തിൽ ഒന്ന് | ക്ലബ്ബ് സെക്രട്ടറി അധ്യാപകർ പിടിഎ<br>ഗണിതക്ലബ്ബ് |
| 9) ഗണിതലാബ് | ശില്പശാലയിലൂടെ ഗണിത ലാബിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ | | അധ്യാപകർ, HM |
| 10) രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | മാസത്തിൽ ഒരു പി.ടി.എ നടത്തുന്ന ചുമതലകൾ നൽകുന്നു | മാസത്തിൽ ഒന്ന് | പിടിഎ പ്രസിഡന്റ് |

Social Science Academic Master plan
2025-2026

മേഖല - ഹൈസ്കൂൾ

1. ലക്ഷ്യം - പരിസരത്തെ ചരിത്രാവബോധമുള്ള വരാക്കു

പ്രവർത്തനങ്ങൾ - കാഴ്ച വേഴ്ച - ചരിത്ര പ്രാധാന്യ-
മുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ്
ട്രിപ്പുകൾ സംഘടിപ്പിക്കുന്നു.

2. ജനാധിപത്യം ഒരു ജീവിതശൈലിയാക്കി മാറ്റുക
പൗരബോധം, മൂല്യബോധം എന്നിവ വളർത്തിയെടുക്ക

പ്രവർത്തനങ്ങൾ - ഒന്നായി നമ്മൾ - പൗരബോധം,
സാമൂഹ്യബോധം എന്നിവ വളർത്താന
പ്രവർത്തനങ്ങൾ
ഉദാ: സ്കൂൾപാർലമെന്റ്.

3. മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി
ക്രിയാത്മക പ്രവർത്തനത്തിലൂടെ വളർത്തുക
പ്രവർത്തനങ്ങൾ - ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ
- സംവാദം, അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളിലെ
മതേതരത്വം വളർത്തുക.

4. ഭൂപടവായന കുട്ടികളിൽ വളർത്തുക, സ്ഥലനിർണ്ണയം
നടത്താൻ പഠിപ്പിക്കുക

5. വ്യത്യസ്തതരം മണ്ണിനങ്ങളെക്കുറിച്ച്
ജലാശയങ്ങളെക്കുറിച്ച് അറിവ് നേടുക.

| ക്രമ നം | ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലം | Biology ചുമതല. | സാമ്പത്തിക വിശകലനം. |
|---|---|---|---|---|---|
| 1. | പരിസ്ഥിതി ബോധവൽക്കരണം. | പരിസ്ഥിതി ദിനത്തിൽ. വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുക പോസ്റ്റർ നിർമ്മാണം. | June 5 | ഇക്കോ ക്ലബ്ബ്. ബയോളജി വിഭാഗം | P.T.A Science club. |
| 2. | ലാബ് ഉപയോഗ നൈപുണ്യം | ലാബ് സുരക്ഷാ പരിശീലനം, മൈക്രോസ്കോപ്പ് പരിചയം. | June 2. ആം ആഴ്ച | Biology വിഭാഗം | School fund. |
| 3. | ജൈവ വൈവിധ്യം പരിചയപ്പെടൽ | സ്കൂൾ പരിസരത്തെ സസ്യ-ജന്തു പട്ടിക തയ്യാറാക്കൽ | July മുഴുവൻ | Biology വിഭാഗം, Science club. | P.T.A. |
| 4. | സസ്യസംരക്ഷണത്തിന് ബോധവൽക്കരണം. | സസ്യോദ്യാനം സന്ദർശനം / ഹെർബേറിയം നിർമ്മാണം പ്രവർത്തനവും | July അവസാനം | Biology വിഭാഗം. | P.T.A. |
| 5. | ബയോടെക്നോളജി പരിചയം | ലാബ് വർക്ക് ഷീറ്റുകൾ വഴി. | August 1. ആഴ്ച. | അതിഥി അധ്യാപകർ | സ്പോൺസർ സഹായം / CSR. |
| 6. | പരിസ്ഥിതി പഠനാനുഭവം | ജലാശയത്തിൽ field study, Sample collection. | August അവസാനം. | Biology. Eco club. | Science club. |
| 7. | ഗവേഷണ വൈദഗ്ധ്യം വളർത്തൽ. | വിദ്യാർത്ഥികൾക്ക് ചെറിയ ഗവേഷണ പദ്ധതി + പോസ്റ്റർ അവതരണം. | August. September | അധ്യാപകർ | P.T.A. Science club. |

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|---|
| | അറിവ് വികാസ് പരിക്ഷിക്കൽ | സ്കൂൾ തല ബയോളജി ക്വിസ് + Model പ്രദർശനം. | September പകുതി. | Science club. | Science club പൂർവ വിദ്യാർത്ഥി. |
| 9. | വന്യജീവി സംരക്ഷണം. | വൈൽഡ് ലൈഫ് വീക്ക് ഡോക്യുമെന്ററി ചർച്ച, പ്രതിജ്ഞ | ഒക്ടോബർ 2 – 7 | ഇക്കോ ക്ലബ് | P.T.A |
| 10. | കരിയർ ബോധവൽക്കരണം | ജീവശാസ്ത്രത്തിൽ ജോലി അവസരങ്ങൾ പ്രദർശനം. | ഒക്ടോബർ 3. ആഴ്ച | കരിയർ ഗൈഡൻസ് സെൽ | S.M.C |
| 11. | വിദ്യാർത്ഥി പ്രതിഭാ പ്രദർശനം | വർക്കിംഗ് സയൻസ് exhibition Bio fair | November 2. ാം ആഴ്ച | Science club. Biology | P.T.A, ജില്ലാതല ഗ്രാന്റ് |
| 12. | പാഠഭാഗ പുനരാവർത്തനം. | പിയർ ലേണിംഗ് ഗ്രൂപ്പ് തിരിക്കൽ ക്ലാസുകൾ | January [illegible] February | Biology വിഭാഗം | School അധ്യാപകർ. |
| 13. | പഠന ഫലങ്ങൾ രേഖപ്പെടുത്തൽ. | വിദ്യാർത്ഥികളുടെ ശാസ്ത്ര പത്രിക Young biologist പ്രസിദ്ധീകരണം | March | അധ്യാപക- വിദ്യാർത്ഥി കമ്മറ്റി | P.T.A. ലോക്കൽ സ്പോൺസർമാർ. |